# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 499

07.01.2014 ൽ മറുപടിയ്ക്ക്

## ബാങ്കിംഗ് സേവനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | പ്രാഥമിക സഹകരണ സംഘങ്ങൾ ബാങ്കിംഗ് സേവനം നടത്തരുതെന്ന നബാർഡ് നിർദ്ദേശത്തിനെതിരെ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ വിശദമാക്കി കേന്ദ്ര ധനമന്ത്രാലയത്തിന് നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ്; | (എ) | ഉണ്ട്. 16.08.2013 ൽ |
| (ബി) | നബാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ വി.രാമകൃഷ്ണറാവു പുറത്തിറക്കിയ സർക്കുലർ സംസ്ഥാന സർക്കാരിന് ലഭിച്ചത് എപ്പോഴാണ്; | (ബി) | നബാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ വി.രാമകൃഷ്ണറാവു പുറത്തിറക്കിയ സർക്കുലർ 2013 ജൂലൈ അവസാനവാരത്തിൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| (സി) | നബാർഡ് എക്സിക്യൂട്ടീവ് ഡയറക്ടറുടെ പ്രാഥമിക സഹകരണ സംഘങ്ങൾ ബാങ്കിംഗ് സേവനം നടത്തരുതെന്ന സർക്കുലറിന്റെയും, അതിനെതിരെ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കേരള സർക്കാർ നൽകിയ വിശദമായ നിവേദനത്തിന്റെയും ഓരോ പകർപ്പ് ലഭ്യമാക്കാമോ; | (സി) | നബാർഡ് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.07.2013 ലെ സർക്കുലറിന്റേയുംഇക്കാര്യത്തിൽ കേരള സർക്കാർ കേന്ദ്ര ധനകാര്യ മന്ത്രിക്കും കൃഷി വകുപ്പ് മന്ത്രിക്കും നൽകിയ കത്തിന്റേയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

| | | |
|---|---|---|
| (ഡി) | പ്രസ്തുത നിവേദനത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച മറുപടി എന്തായിരുന്നുവെന്ന് വിശദമാക്കാമോ? | (ഡി) നബാർഡിന്റെ സർക്കുലർ നിർദ്ദേശ രൂപത്തിലുള്ളതല്ലെന്നും, കേവലമായ അഭിപ്രായ പ്രകടനം മാത്രമാണെന്നും ഇക്കാര്യം സംബന്ധിച്ചുള്ള ഏത് തീരുമാനവും കൈക്കൊള്ളേണ്ടത് ബന്ധപ്പെട്ട പ്രാഥമിക സംഘങ്ങളും ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സർക്കാരുകളും തന്നെയാണെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**